LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആലത്തിയൂർ പള്ളിക്കടവ് റോഡ് ബി.എം. ആന്റ് ബി.സി ചെയ്യുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് ഗവൺമെന്റ് പരിശോധിച്ചു വരുന്നതേയുള്ളൂ.

വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം

163 (2659) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാറക്കുളഞ്ഞി-ചാലക്കയം-ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ ; ഇതിനായി എത്ര തുകയുടെ ഫണ്ടാണ് അനുവദിച്ചിരുന്നത് ;

(ബി) പ്രസ്തുത നടപ്പാലം നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) നടപ്പാത നിർമ്മാണം സാധ്യമല്ലെങ്കിൽ ശബരിമല പാതയിലെ തിരക്ക് കണക്കിലെടുത്ത് ഇവിടെ വീതികുറഞ്ഞ പാലത്തിന്റെ ഭാഗത്ത് എന്തെങ്കിലും നിർമ്മാണം നടത്താൻ ആലോചനയുണ്ടോ ;

(ഡി) നിലവിലുള്ള വീതി കുറഞ്ഞ പാലത്തിന്റെ സ്ഥാനത്ത് വീതികൂടിയ പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട്ചേർന്ന് നടപ്പാലം നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുവാൻ വേണ്ട സാദ്ധ്യതാ പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിനുള്ള ബജറ്റ് വിഹിതവും ചെലവും

164 (2660) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(ബി) പ്രസ്തുത ബജറ്റിൽ കെട്ടിടങ്ങൾ വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) കെട്ടിടങ്ങൾ വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ?

ഉത്തരം

(എ) 2014-15 ലെ ബജറ്റിൽ, പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 116 കോടി രൂപ വകയിരുത്തുകയുണ്ടായി.

(ബി) 2014-15 ബജറ്റിൽ, കെട്ടിട വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 16 കോടി രൂപ വകയിരുത്തുകയുണ്ടായി.

(സി) എന്നാൽ 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 1061.60 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 700.86 കോടി രൂപയുമുൾപ്പെടെ ആകെ 1762.46 കോടി രൂപയുടെ പ്രവൃത്തികൾ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടത്തുകയുണ്ടായി.

(ഡി) എന്നാൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 101.68 കോടി രൂപയുടെ പ്രവൃത്തികൾ നടത്തുകയുണ്ടായി.

കൊടുവള്ളിയിൽ റസ്റ്റ് ഹൗസ്

165 (2661) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റിയായി ഉയർത്തിയ കൊടുവള്ളിയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly